**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263</u>** **<u>23-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കൽ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള ലബോറട്ടറി ടെക്നീഷ്യന്മാരുടെ ആശങ്കകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (എ) | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്സിന്റെ സംസ്ഥാന കൗൺസിലിൽ കേരളത്തിലെ ലബോറട്ടറി ഉടമസ്ഥരുടെ സംഘടനയുടെ ഒരു പ്രതിനിധി ഉണ്ട്. ലബോറട്ടറി മേഖലയുമായി ബന്ധപ്പെട്ട മുന്നോട്ട് വയ്ക്കുന്ന വിഷയങ്ങളെക്കുറിച്ച് കൗൺസിൽ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. ലബോറട്ടറി ടെക്നീഷ്യൻമാർ ഉൾപ്പെടെയുള്ള സംഘടനകൾ സമർപ്പിക്കുന്ന നിവേദനങ്ങൾ കൗൺസിലിന്റെ നിർവാഹക സമിതിക്കു മുൻപിൽ വയ്ക്കുകയും സമിതി പരിശോധിച്ച ശേഷം തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ലബോറട്ടറി ടെക്നീഷ്യൻസ് സംഘടന സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ചുകൊണ്ട് മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി തയ്യാറാക്കിയ മിനിമം സ്റ്റാൻഡേർഡ്സ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ